# വാർഷിക മൂല്യനിർണയം 2017–18

**ക്ലാസ്സ് : 5**    **സാമൂഹ്യശാസ്ത്രം**    **സമയം: 2 മണിക്കൂർ**

## *നിർദേശങ്ങൾ*

- ആദ്യത്തെ 15 മിനിറ്റ് സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ് (സമാശ്വാസ സമയം)
- എട്ടു പ്രവർത്തനങ്ങൾ ഉള്ളതിൽ നന്നായി അറിയാവുന്ന ആറു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
- തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളുടെ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം: 1**

★ **ജനാധിപത്യം എന്നത് കേവലം ഒരു ഭരണക്രമം മാത്രമല്ല. ഒരു ജീവിതരീതികൂടിയാണ്.**

എ) നിത്യജീവിതത്തിൽ ജനാധിപത്യപരമായ പല ശീലങ്ങളും സ്വായത്തമാക്കാൻ സ്കൂൾ ജീവിതം നിങ്ങളെ സഹായിക്കുന്നു. ഏതെല്ലാം ജനാധിപത്യശീലങ്ങളാണ് സ്കൂൾ ജീവിതത്തിൽ നിന്ന് സ്വായത്തമാക്കാൻ സാധിക്കുക? വിശദീകരിക്കുക.

ബി) തെരഞ്ഞെടുപ്പ് ഘട്ടങ്ങളുമായി ബന്ധപ്പെട്ട ഫ്ളോചാർട്ട് പരിശോധിക്കുക. വിട്ടുപോയ ഘട്ടങ്ങൾ കൂട്ടിച്ചേർത്ത് ഫ്ളോചാർട്ട് പൂർത്തിയാക്കുക.

തെരഞ്ഞെടുപ്പ് ഘട്ടങ്ങൾ

| |
|---|
| തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കൽ |
| ↓ |
| നാമനിർദേശപത്രിക സമർപ്പിക്കൽ |
| ↓ |
| |
| ↓ |
| നാമനിർദേശപത്രിക പിൻവലിക്കൽ |
| ↓ |
| |
| ↓ |
| വോട്ടെണ്ണലും ഫലപ്രഖ്യാപനവും |

**പ്രവർത്തനം: 2**

★ **പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിച്ച് കേരളത്തിലൂടെ ഒഴുകുന്ന 44 നദികളുണ്ട്. ഇവയിൽ കബനി, ഭവാനി, പാമ്പാർ എന്നീ നദികളാണ് കിഴക്കോട്ടൊഴുകുന്നത്.**

എ) ഈ മൂന്നു നദികളിൽ ഏതു നദിയാണ് കർണാടകയിൽകൂടി ഒഴുകുന്നത്?

ബി) നദികൾ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്?

സി) കേരളത്തിലെ നദികൾ ഇന്ന് പല ഭീഷണികൾ നേരിടുന്നുണ്ട്. ഏതെങ്കിലും രണ്ടു ഭീഷണികൾ വിശദീകരിച്ച് അവ പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ എഴുതുക.

**പ്രവർത്തനം: 3**

★ **വ്യത്യസ്ത ഭൂമിശാസ്ത്രപ്രത്യേകതകൾ നിലനിന്ന തിണകൾ പ്രാചീനതമിഴകത്തിന്റെ പ്രധാന സവിശേഷതയായിരുന്നു.**

എ) തിണകളും അവയോട് ബന്ധപ്പെട്ട ഭൂമിശാസ്ത്ര സവിശേഷതകളും പട്ടികയായി നൽകിയിരിക്കുന്നു. വിട്ടുപോയവ കൂട്ടിച്ചേർത്ത് പട്ടിക പൂർത്തിയാക്കുക.

| **തിണകൾ** | **ഭൂമിശാസ്ത്രസവിശേഷതകൾ** |
|---|---|
| കുറിഞ്ചി | മലകൾ/മലയോരങ്ങൾ |
| മുല്ല | കാട്/പുൽമേട് |
| ................................. | വരണ്ടപ്രദേശം |
| മരുതം | വയൽ |
| നെയ്തൽ | ................................. |

ബി) പ്രാചീന തമിഴകം ഭരിച്ചിരുന്ന പാണ്ഡ്യന്മാർ, ചേരൻമാർ, ചോളൻമാർ എന്നീ രാജവംശങ്ങൾ ഏതു പേരിൽ അറിയപ്പെടുന്നു?

സി) എന്തുകൊണ്ടാണ് പഴന്തമിഴ്പാട്ടുകൾ സംഘംകൃതികൾ എന്നറിയപ്പെടുന്നത്?

**പ്രവർത്തനം: 4**

★ **സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം.**

എ) അണുകുടുംബം, വിസ്തൃതകുടുംബം, കൂട്ടുകുടുംബം ഇവ എന്തെന്ന് വിശദീകരിക്കുക.?

ബി) കുടുംബബജറ്റ് തയാറാക്കുന്നതുകൊണ്ട് എന്തെല്ലാം ഗുണങ്ങളാണ് ഉള്ളതെന്ന് കുറിപ്പ് എഴുതുക.

**പ്രവർത്തനം: 5**

**"ആഗോള ആദരവ് പിടിച്ചുപറ്റുന്ന ഏക ഭരണസംവിധാനം ജനാധിപത്യമാണ്"**
**-അമർത്യാസെൻ**

എ) ജനാധിപത്യം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്. കുറിപ്പ് തയാറാക്കുക?

ബി) ജനാധിപത്യത്തിന്റെ നിലനിൽപ്പിനാവശ്യമായ ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് പ്രതിപക്ഷവും മാധ്യമങ്ങളും. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ നിലപാട് വിശദീകരിക്കുക?.

പ്രവർത്തനം: 6

★ ജനുവരി 26 ന് ന്യൂഡൽഹിയിൽ നടന്ന റിപ്പബ്ലിക്ദിന പരേഡിനോടനുബന്ധിച്ച് വിവിധ സംസ്ഥാനങ്ങൾ അവതരിപ്പിച്ച ദൃശ്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ? ഇന്ത്യൻ ജനത യുടെ വൈവിധ്യങ്ങളുടെ തെളിവുകളാണിവ.

- ഇന്ത്യയുടെ വൈവിധ്യവും ഐക്യവും വ്യക്തമാക്കിക്കൊണ്ട് 'നാനാത്വത്തിൽ ഏകത്വം' എന്ന തിനെ ആസ്പദമാക്കി ഒരു പ്രസംഗം തയാറാക്കുക.

പ്രവർത്തനം: 7

★ സൗരയൂഥത്തിലെ ഒരംഗമാണ് ഭൂമി.

എ) സൗരയൂഥം എന്നാലെന്ത്?.

ബി) A കോളത്തിൽ ചില ഗ്രഹങ്ങളുടെ പ്രത്യേകതകൾ നൽകിയിരിക്കുന്നു. ബന്ധപ്പെട്ട ഗ്രഹങ്ങൾ കണ്ടെത്തി B കോളം പൂരിപ്പിക്കുക.

| A<br>ഗ്രഹങ്ങളുടെ പ്രത്യേകതകൾ | B<br>ഗ്രഹങ്ങൾ |
|---|---|
| ഏറ്റവും ചെറിയ ഗ്രഹം | ........................................ |
| സൂര്യനെ വലംവെയ്ക്കാൻ 12 വർഷം | ........................................ |
| ഏറ്റവും ചൂടുള്ള ഗ്രഹം | ........................................ |

പ്രവർത്തനം: 8

താഴെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമായി വരുന്ന ജില്ലകൾ കേരളത്തിന്റെഭൂപ ടത്തിൽ ഷെയ്ഡ് ചെയ്ത് രേഖപ്പെടുത്തുക.

എ) തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ല.

ബി) കടൽ സാമീപ്യമില്ലാത്തതും അയൽസംസ്ഥാനങ്ങളോട് അതിർത്തി പങ്കിടാത്തതുമായ ജില്ല.

സി) ഏറ്റവും വലിയ ജില്ല.

ഡി) ഏറ്റവും ചെറിയ ജില്ല.

ഇ) ആർച്ച് ഡാം സ്ഥിതി ചെയ്യുന്ന ജില്ല.

(ഭൂപടം രേഖപ്പെടുത്തലിനുശേഷം ഉത്തരക്കടലാസിനൊപ്പം തിരികെ നൽകേണ്ടതാണ്)